*"To be a model family fellowship based on spirituality, heritage, kinship & love"*

AFF NEWS LETTER

# ALUNKAL FAMILY FELLOWSHIP

KANDANAD

(For private circulation among the members only)

(Reg. No.ER184/08)

Webside:www.alunkal.com Email: info@alunkal.com

Vol.8, No.2 September 2016

## Presidential column:

I wish to inform all our valued members that the Vision Statement of our Fellowship will be as above:

Every organization undergoes difficult stages in its growth and development. Our Fellowship, formed 20 years ago, has overcome all its teething troubles and has reached its healthy adulthood stage. Thanks to the Almighty for the sustenance and uninterrupted growth of the organization.

It is time that we look beyond the immediate objective of just maintaining the growth rate and relax. It is with this objective that we have recently adopted a Vision Statement for the Fellowship, as our Pole Star. Ancient navigators used the Pole Star as their guide to reach their desired destinations. The Vision Statement should be our Pole Star as guide, philosopher, inspiration and motto.

It is a bit disturbing to observe that some of our members, far and near, take the Fellowship for granted and remain its mute spectators. We do not ascribe to the view that they purposely do this. For us, it is more comfortable to believe that people are busy in life dealing with many problems and we trust that the feeling of oneness governs our collective psyche.

At this juncture I consider it relevant to bring to your attention the copy of the Minutes of the first ever meeting, held on 30.12. 1995 (copy attached), which laid the seeds of this Fellowship.

Wish you all success and prosperity. Dr. A.C. Paul.

നല്ല പ്രസ്ഥാനങ്ങൾ എല്ലാം പ്രയാസമേറിയ ഘട്ടങ്ങളിലൂടെയാണ് വളർന്നു വലുതാകുന്നത്. ഇരുപത് വർഷം മുമ്പ് സ്ഥാപിതമായ നമ്മുടെ ഫെല്ലോഷിപ്പ് പല ബുദ്ധിമുട്ടുകളേയും അതിജീവിച്ചാണ് വേരു പിടിച്ച് വളർന്നത്. ഈ പ്രസ്ഥാനത്തെ കാത്തുസൂക്ഷിച്ച് വളർത്തിയ സർവ്വശക്തന് സ്തുതി.

ഭൗതികമായ വളർച്ചയ്ക്ക് അതീതമായും നമ്മൾ ചിന്തിക്കേണ്ടതാണ്. നമ്മൾ രൂപകല്പന ചെയ്ത് മുകളിൽ കൊടുത്തിരിക്കുന്ന വിഷൻ പ്രസ്ഥാവന നമ്മുടെ വഴികാട്ടിയാണ്. എല്ലാവരും ഇത് അംഗീകരിക്കുകയും, പിൻതുടരുകയും ചെയ്യുമെന്ന് വിശ്വസിക്കുന്നു.

അടുത്തും അകലയുമുള്ള നമ്മുടെ ചില കുടുംബാംഗങ്ങൾ പലപ്പോഴും വളരെ നിസ്സംഗതയോടെ വർത്തിക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത് മന:പൂർവ്വമാണെന്ന് കരുതുന്നില്ല. "ഇതെല്ലാം നിസ്സാരം, അനാവശ്യം" എന്നു കരുതുന്നവരും ഉണ്ട്. എങ്കിലും മനസ്സുകൊണ്ടെങ്കിലും അവരെല്ലാം ഇതിൽ പങ്കാളികളാണെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു.

20 വർഷം മുമ്പ് ഈ പ്രസ്ഥാനത്തിന് വിത്തുപാകുന്നതിന് ആധാരമായ കൂട്ടായ്മയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും (ഇംഗ്ലീഷിൽ തയ്യാറാക്കിയത്) ഈ ലക്കത്തോടുകൂടി നിങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു.

----------

### ശ്രേഷ്ഠപിതാവ് ബസ്സേലിയോസ്സ് പൗലോസ് ദ്വിതീയൻ

(ഒരു എളിയ ഓർമ്മകുറിപ്പ്)

ബാവയെ ഞാൻ ആദ്യമായി ദർശിക്കുന്നത് 1952ൽ അദ്ദേഹം "ശീമ" യിൽനിന്ന് പൌലോസ് മോർ പീലക്സീനോസ്സ് എന്ന സ്ഥാനനാമത്തോടെ കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി തന്റെ ആദ്യ ഇടയ സന്ദർശനത്തിന് കണ്ടനാട് എഴുന്നള്ളിയ അവസരത്തിലായിരുന്നു. ഞാൻ ആ കാലയളവിൽ കടുങ്ങമംഗലം സെക്കണ്ടറി സ്കൂളിൽ 6–ാം ക്ലാസ് വിദ്യാർത്ഥിയും ബോയ്സ് സ്കൗട്ട് ടീമിലെ അംഗവും ആയിരുന്നു. കുന്നംകുളത്തെ ചേരപ്പൻ മാസ്റ്ററായിരുന്നു ഞങ്ങളുടെ സ്കൗട്ട്

പരിശീലകൻ. വന്ദ്യ തിരുമേനിയുടെ ആദ്യ ഇടവക സന്ദർശന വേളയിൽ അദ്ദേഹത്തിന് Guard – of Honor നൽകി വി. ദേവാലയത്തിലേക്ക് അനുഗമിക്കേണ്ട മഹത് ദൗത്യം ഞങ്ങളുടെ സ്ക്കൗട്ട് ടീമിന് നൽകപ്പെട്ടു. ചേരപ്പൻ മാസ്റ്ററുടെ തീവ്ര പരിശീലനമുറകളായ ബാറ്റൺ പ്രയോഗങ്ങൾ, ചിട്ടയായ മാർച്ച് പാസ്റ്റ്, ഹൈഡ് ആന്റ് സീക്ക് എന്നീ അഭ്യാസമുറകൾ അക്കാലങ്ങളിൽ അനുസൃതം പരിശീലിച്ചു കൊണ്ടിരുന്നു. എല്ലാ കേഡറ്റുകൾക്കും പുതിയ കാക്കി യൂണിഫോമുകൾ, വർണ്ണപ്പകിട്ടാർന്ന ബാറ്റൺ (ഈറ്റ വടി), തൂവൽതൊപ്പികൾ എന്നിവ ഈ ദൗത്യത്തിന് പ്രത്യേകമായി തയ്യാറാക്കി. സ്വീകരണ ദിവസം സ്ക്കൗട്ട് മാസ്റ്ററുടെ നേതൃത്വത്തിൽ ഞങ്ങൾ രണ്ടുവരികളായി ബാറ്റൺ ഏന്തി തിരുവാങ്കുളം കവലയിലേയ്ക്ക് മാർച്ച്ചെയ്ത് നിലയുറപ്പിച്ചു.

വൈകിട്ട് ഏകദേശം മൂന്നുമണിയോടെ തിരുമേനിയെ വഹിച്ചുകൊണ്ടുള്ള വാഹനം കവലയിൽ എത്തി. ചേരപ്പൻ മാസ്റ്ററുടെ വിസ്സിൽ മുഴങ്ങിയതോടെ ഞങ്ങൾ മാർച്ച് ചെയ്ത് തിരുമേനിയുടെ വാഹനത്തിനരുകിലേക്ക് നീങ്ങി. കാറിൽനിന്നിറങ്ങിയ തിരുമേനി സുസ്മേരവദനനായി കവലയിൽ തടിച്ചുകൂടിയിരുന്ന എല്ലാവരേയും വീക്ഷിച്ച് തന്റെ സ്ലീബ ഉയർത്തി ആശിർവദിച്ചു. ഉടൻ ചേരപ്പൻ മാസ്റ്ററുടെ ഡബിൾ വിസിൽ! ഞങ്ങൾ ധൃതഗതിയിൽ ബാറ്റണുകൾ ഉയർത്തി നിമിഷനേരംകൊണ്ട് ഒരു കൂടാര പന്തൽ നിർമ്മിച്ചു. തിരുമേനി ആ പന്തലിലൂടെ തനിക്കായി ഒരുക്കി നിർത്തിയിട്ടിരുന്ന രഥത്തിലേക്ക് മന്ദം മന്ദം നടന്നുനീങ്ങി. തന്റെ വദനത്തിൽ പുഞ്ചിരിയും ചെറിയ വിസ്മയവും ഉണ്ടായിരുന്നു. കുതിര രഥം പതിയെ നീങ്ങി തുടങ്ങിയപ്പോൾ ഞങ്ങൾ ബാറ്റൺ തോളിലേന്തി മാർച്ചുചെയ്ത് തിരുമേനിയുടെ രഥത്തെ അനുഗമിച്ചു. വഴിനീളെ തോരണങ്ങളാൽ അലംകൃതമായിരുന്നു. ബാൻഡുസെറ്റുകൾ, മുത്തുക്കുടകൾ, വർണ്ണക്കൊടികൾ എന്നിവ ദൃശ്യശ്രവണ വിസ്മയം തന്നെ തീർത്തു. എല്ലാ ഭവനങ്ങളുടെയും മുൻവശത്ത് പൂക്കളും നിലവിളക്കുകളും കത്തിച്ച മെഴുകുതിരികളും, വഴിനീളെ കുരുത്തോല തോരണങ്ങൾ. കൊച്ചി രാജാവിന്റെ അത്തച്ചമയത്തിന് സമാനമായ മറ്റൊരു അത്തച്ചമയം!

ഏകദേശം രണ്ടുമണിക്കൂർ നീണ്ടുനിന്ന ആ ഘോഷയാത്ര കോട്ടയത്തുപാറ, കുരീക്കാട്, കണ്ടനാട് കവലകളിൽ എത്തിയപ്പോൾ മാലപ്പടക്കത്തിന്റെ ധ്വനിമൂലം നാട് മുഴുവൻ ശബ്ദമുഖരിതമായി. ഇത്രയൊക്കെയാണെങ്കിലും ആ അപൂർവ്വ ഘോഷയാത്രയുടെ ആകർഷണ കേന്ദ്രം ഞങ്ങൾ സ്ക്കൗട്ടുകൾ തന്നെയായിരുന്നു! (ഇത് ഞാൻ പറയുന്നതല്ല, നാട്ടുകാരിൽ ചിലർ അന്നുപറഞ്ഞതാണ്)

വരവേൽപ്പ് വി: ദേവാലയത്തിൽ എത്തിയപ്പോൾ തിരുമേനി രഥത്തിൽ നിന്ന് ഇറങ്ങി. ഞങ്ങൾ ഇരുവശവുമായി വീണ്ടും ഗാർഡ് ഓഫ് ഓണർ കവചം തീർത്തു ദൗത്യം പൂർത്തിയാക്കി. ഞങ്ങളിൽ ചിലർ ബാറ്റൺ വെളിയിൽ വച്ച് തിരുമേനിയെ പിൻപറ്റി വി: ദേവാലയത്തിലേക്ക് പ്രവേശിച്ചു. അപ്പോഴാണ് അദ്ദേഹം ധരിച്ചിരുന്ന സ്വർണ്ണവാച്ചിന്റെ തിളക്കം എന്റെ കണ്ണഞ്ചിപ്പിച്ചത്!

തിരുമേനി ഹൈക്കലായിലേക്ക് പ്രവേശിക്കുന്നതിന് മുൻപ് ഒരുനിമിഷം നിന്നു. നമസ്ക്കാരമേശ ചുമ്പിച്ച് മദ്ബഹയുടെ പടവുകൾ കയറി. പ്രാർത്ഥന കഴിഞ്ഞ് പടിഞ്ഞാട്ടുതിരിഞ്ഞ് തന്റെ സ്ലീബ ഉയർത്തി എല്ലാവരേയും അനുഗ്രഹിച്ചു. മദ്ബഹയുടെ പടവുകൾഇറങ്ങിയ അദ്ദേഹത്തെ വികാരിമാർ പള്ളിമേടയിലേക്ക് ആനയിച്ചു. ഒരുമായാലോകത്തിൽനിന്നെന്നപോലെ വീട്ടുകാരുമൊപ്പം ഞാൻ മടങ്ങുമ്പോൾ ആ തിളങ്ങുന്ന വദനത്തിന്റെയും, വാച്ചിന്റെയും ഓർമ്മകളായിരുന്നു മനസ്സുമുഴുവൻ.

അദ്ദേഹം വി: ദേവാലയത്തിൽ കുർബ്ബാന മദ്ധ്യേ പിന്നീടുള്ള ദിനങ്ങളിൽ നടത്തിയ പ്രഭാഷണങ്ങൾക്ക് ഹൃദയത്തിന്റെ ഭാഷയായിരുന്നു. വി: മാതാവ് അദ്ദേഹത്തിന് സ്വന്തം അമ്മതന്നെയായിരുന്നു. ദേവാലയത്തിന്റെ വാസ്തുശില്പകലയെ അദ്ദേഹം മുക്തകണ്ഡം പ്രശംസിച്ചിരുന്നു. ദേവാലയത്തിലെ കൊത്തുപണികൾ, മട്ടുപ്പാവിലെ തൃമാന (3D) സ്വഭാവമുള്ള ചിത്രങ്ങൾ, ക്യൂബിസം മാതൃകയിൽ തയ്യാറാക്കിയ ഹൈക്കാലയിലെ വർണ്ണപ്പകിട്ടാർന്ന ഇഷ്ടികത്തറ, അങ്ങിനെ പലതും. ഹൈക്കാലയിലെ തറയിൽ മെഴുകുതിരി കത്തിക്കുന്നതുമൂലം അവിടത്തെ ഇഷ്ടികകൾക്ക് നിറഭേദം വന്നതിൽ അദ്ദേഹം ഖിന്നത പൂണ്ട് ആ പതിവ് നിർത്തലാക്കിച്ചു. പകരം ഇരുവശത്തും പീഠങ്ങൾ സ്ഥാപിച്ച് അതിൽ മാത്രമെ തിരികൾ കത്തിക്കാവു എന്ന് നിഷ്കർഷിച്ച് നടപ്പിലാക്കുകയും ചെയ്തു. തൃമാന ചിത്രകലയിൽ വൈദക്ത്യം നേടിയ നമ്മുടെ പിതാമഹൻ 'ആലുങ്കൽ അച്ചനെ' അദ്ദേഹം പ്രകീർത്തിച്ചിരുന്നത് പലരും കേട്ടിരിക്കുമല്ലോ.

പിൽക്കാലത്ത് ഞാൻ അദ്ദേഹത്തിന് ചാക്കോസാറിന്റെ മകനും, തൊമ്മച്ചന്റെ (A.C. Thomas) സഹോദരനുമായിരുന്നു. ഞാൻ ബോംബെയിലായിരിക്കുമ്പോൾ അവിടെവച്ചും അദ്ദേഹത്തെ പല തവണ മുഖം കാണിച്ചിട്ടുണ്ട്. അപ്പോഴെല്ലാം ഈ പഴയ സ്ക്കൗട്ട്കാരനോട് അദ്ദേഹം ഏറെവാത്സല്യം പ്രകടിപ്പിച്ചിരുന്നു.

അദ്ദേഹത്തിന്റെ വിയോഗ സമയത്ത് ഞങ്ങൾ ഒരു ദൂരയാത്രയിലായിരുന്നു. പത്രത്തിലൂടെ അറിഞ്ഞ വാർത്ത എന്നെ ഏറെ അസ്വസ്ഥനാക്കി. വീട്ടിൽ മടങ്ങി എത്തിയപ്പോഴും മനസ്സ് കലുഷിതമായിരുന്നു. ഒരുതരം അനാഥത്വം! അസ്വസ്തമായ ചിന്തകളോടെ ഞാൻ ഞങ്ങളുടെ കിഴക്കുവശത്തുള്ള വയലിലേയ്ക്ക് ഇറങ്ങിനടന്നു. ഇളംകാറ്റിൽ ആടിയുലയുന്ന നെൽച്ചെടികൾ. അവയെ സാക്ഷിനിർത്തി 40 ദിവസം നൂയമ്പുനോക്കുവാൻ ഞാൻ തീരുമാനിച്ചു. മനസ്സിന് അല്പം ശാന്തത കൈവന്നതുപോലെ. തിരികെ വീട്ടിലേക്കു നടക്കുമ്പോൾ പുതിയതായി വെട്ടിയ തെങ്ങിൻതടങ്ങൾ ശ്രദ്ധിച്ചു. ഞാൻ കുറച്ചു പയർവിത്ത് എടുത്ത് അവിടെ നട്ടു. ഒരിക്കലും ഉണ്ടാകാത്ത, പിന്നീട് ഉണ്ടായിട്ടുമില്ലാത്ത അത്ര സമൃദ്ധമായ വിളവാണ് ആ വർഷം ലഭിച്ചത്!

സമർപ്പണം : പൗലോസുകുട്ടി

-----------

## "ലൗലിചേച്ചി" ഒരനുസ്മരണം

സാനുബ

നമുക്കേവർക്കും പ്രിയങ്കരിയായിരുന്ന ചേച്ചി നമ്മെ വിട്ടുപിരിഞ്ഞിട്ട് 15 വർഷങ്ങൾ കടന്നുപോയി. പല കാര്യങ്ങളും ഒന്നിച്ച് ചർച്ചചെയ്യുവാനും പ്രവർത്തിക്കുവാനും സാധിച്ചിരുന്നത് എനിക്ക് വലിയ ഒരനുഭവംതന്നെ ആയിരുന്നു. അതെല്ലാം മായാത്ത ഓർമ്മകളായി ഇന്നും മനസ്സിൽ അവശേഷിയ്ക്കുന്നു.

ഒരു ഒക്ടോബർ 21-ാം തീയതി നമ്മുടെ പള്ളിയിൽ വച്ചാണ് ഞാൻ ചേച്ചിയെ വ്യക്തിപരമായി പരിചയപ്പെടുന്നത്. അന്നെ ദിവസം ചേച്ചി Orchid പൂക്കളുമായി ശക്രള്ളബാവയുടെ കബറിങ്കൽ പ്രാർത്ഥിക്കുന്നതും പൂക്കൾ അർപ്പിക്കുന്നതും കാണുവാൻ ഇടയായി. ഞാനും അമ്മയും പരസ്പരം നോക്കുന്നതുകണ്ട് മേരി ചേച്ചി ചോദിച്ചു, 'അമ്മായിയ്ക്ക് മനസ്സിലായില്ലെ, ഇത് നമ്മുടെ പൗലൂസ്സുകുട്ടിയുടെ ഭാര്യ ലൗലിയാണ്'. അങ്ങിനെ ഞങ്ങൾ പരിചയപ്പെട്ടു. പരിചയം വളർന്ന് ക്രമേണ ഞങ്ങൾ സഹോദരികളെപോലെ ആയി. കുടുംബ ബന്ധങ്ങളെ കുറിച്ച് സംസാരിയ്ക്കുവാൻ അവസരങ്ങൾ ധാരാളം ഉണ്ടായി. ഈ അവസരത്തിൽ എന്റെ മാതാവ് ഒരു കുടുംബചരിത്രം പ്രസിദ്ധീകരിക്കുന്നതിനെ പറ്റി വളരെ കാര്യമായി ചേച്ചിയോട് സംസാരിയ്ക്കുകയുണ്ടായി. അതെ താല്പര്യത്തോടെ ചേച്ചി അക്കാര്യത്തിൽ മുന്നിട്ടിറങ്ങി. അങ്ങിനെ 1994-95 കാലഘട്ടങ്ങളിൽ ബന്ധങ്ങൾ ഉറപ്പിക്കുന്നതിനും പുതുക്കുന്നതിനും ഒരു കൂട്ടായ്മവേണമെന്ന ആശയം ഉടലെടുക്കുകയും അതിന്റെ ചർച്ചകൾക്കായി പലപ്രാവിശ്യം ഞങ്ങൾ കൂടുകയുണ്ടായി. ഒരിയ്ക്കൽ എന്റെ അമ്മ പറഞ്ഞതനുസരിച്ച് ഞാൻ "നാത്തൂൻ" എന്ന് വിളിച്ചപ്പോൾ "നീ എന്നെ വയസ്സി ആക്കുകയൊന്നും വേണ്ട, ചേച്ചി എന്ന് വിളിച്ചാൽമതി" എന്ന് സ്വതസിദ്ധമായ ചിരിയോടെ പറഞ്ഞത് ഇന്നും എന്റെ കാതുകളിൽ മുഴങ്ങുന്നു.

Family Tree ഉണ്ടാക്കിയതു വളരെ രസകരമായ അനുഭവമായിരുന്നു. അതിനായി അത്താപ്പിള്ളിൽ ഞങ്ങൾ പല പ്രാവശ്യം കൂടിയിട്ടുണ്ട്. അവിടെ എന്റെ ഒരു പ്രത്യേക ആകർഷണമായിരുന്നു ചേച്ചിയുടെ Orchid collection. ചേച്ചിയിൽനിന്നും ചെടികൾ വാങ്ങിയ പലരും ഇന്നും നിറഞ്ഞ സന്തോഷത്തോടെ അക്കാര്യങ്ങൾ അനുസ്മരിയ്ക്കാറുണ്ട്. ഒരു ദിവസം ഒരു മാവിൻ തൈ എനിക്ക് തന്നിട്ട് "ഇത് പ്രിയോറയാണ്. കൊണ്ടുപോയി നടണം, എപ്പോഴും എന്നെ ഓർക്കാൻ" എന്ന് അനുവാചകമായി പറഞ്ഞത് "അറംപറ്റി"യത്പോലെയായി.

ചേച്ചിയുടെ ആധിത്യ മര്യാദ മനസ്സിൽനിന്നും മായുന്നില്ല. എനിക്ക് "വട്ടയപ്പം" പലപ്രാവശ്യം കൊണ്ടുവന്ന് തന്നിട്ടുണ്ട്. അതുപോലെ അത്താപ്പിള്ളിയിൽനിന്നും വരാൻ വൈകുന്ന ദിവസങ്ങളിൽ കറികളും തന്നയയ്ക്കുമായിരുന്നു. അടുത്തിടപഴകുവാൻ ലഭിച്ച ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ ഒരു ജേഷ്ഠ സഹോദരിയുടെ കരുതലോടും സ്നേഹത്തോടും ഞാനും എന്റെ വീടുമായി സഹകരിച്ചിരുന്നത് മറക്കാനാവാത്ത ഓർമ്മയാണ്.

AFFന് ഒരുമുതൽകൂട്ടായിരുന്ന ചേച്ചി ഏത് ആവശ്യങ്ങൾക്കും മുൻപന്തിയിൽ ഉണ്ടയിരുന്നു. ആ ചുവടുപിടിച്ച് മുന്നേറുവാനുള്ള ധൈര്യവും ആത്മവിശ്വാസവും ചേച്ചിയിൽ നിന്നും ആർജ്ജിച്ചതാണ്. അതുതന്നെയാണ് AFFന്റെ ജനറൽസെക്രട്ടറി സ്ഥാനം വഹിയ്ക്കുവാൻ എനിയ്ക്ക് പ്രേരണയും പ്രചോദനവുമായത്.

ചേച്ചിയോടൊപ്പം പ്രവർത്തിച്ച ആ നല്ലനാളുകളെ കൃതജ്ഞതാപൂർവ്വം സ്മരിയ്ക്കുന്നു. ആ മഹൽ വ്യക്തിയുടെ പാവനസ്മരണയ്ക്ക് മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടും ആത്മാവിന് നിത്യ ശാന്തി നേർന്നുകൊണ്ടും ഉപസംഹരിയ്ക്കട്ടെ.

----------

## അനുസ്മരണയോഗങ്ങൾ

### *ശ്രീ എ. സി. തോമസ്സ്*

14.04.1982 വിഷുദിനത്തിൽ അന്തരിച്ച ശ്രീ എ.സി. തോമസ്സിന്റെ സ്മരണയിൽ മറ്റൊരു വിഷുദിനത്തിൽ ഈ വർഷം ഏപ്രിൽ 14ന് – അദ്ദേഹത്തിന്റെ ഭവനത്തിൽവച്ച് ഒരു അനുസ്മരണ സമ്മേളനം നടത്തി. വെണ്ണിക്കുളം സെന്റ് ജോർജ്ജ് സ്കൂൾ അദ്ധ്യാപകനും, കണ്ടനാടുപള്ളിയുടെ ട്രസ്റ്റിയുമായി ദീർഘ കാലം സേവനം അനുഷ്ടിച്ചിരുന്ന ശ്രീ തോമസ്സിനെക്കുറിച്ചുള്ള രണ്ടാമത്തെ അനുസ്മരണ സമ്മേളന മായിരുന്നു നടന്നത്. ചെറുപ്പത്തിൽതന്നെ രക്ഷിതാവും വഴികാട്ടിയുമായിരുന്ന "കൊച്ചേട്ടൻ" തന്റെ ജീവിതത്തിന്റെ നിർണ്ണായക വഴിത്തിരിവുകളിൽ രക്ഷാകവചമായിരുന്നുവെന്ന് ഡോ. ഏ. സി. പോൾ അനുസ്മരിച്ചു. നീണ്ട 16 സംവത്സരം നമ്മുടെ മാതൃദേവാലയത്തിന്റെ ട്രസ്റ്റിയായും കണ്ടനാട് സ്കൂളിന്റെ അഡ്മിനിസ്ട്രേറ്ററായും വർത്തിച്ചിരുന്ന ജേഷ്ഠന്റെ അകാലനിര്യാണം നമ്മുടെ പള്ളിയുടെ, പ്രത്യേകിച്ചും സ്കൂളിന്റെ, പിൽക്കാലചരിത്രത്തെ മാറ്റിമറിച്ചു എന്ന് അദ്ദേഹം എടുത്തുപറഞ്ഞു. തുടർന്നു സംസാരിച്ച ശ്രീ ഏലിയാസ് അബ്രഹാം ശ്രീ എ. സി. തോമസ്സിന്റെ തനി നാടൻ ജീവിത ശൈലിയെ പ്രകീർത്തിച്ചു. കുരീക്കാട് ഒരു റെയിൽവെ സ്റ്റോപ്പ് അനുവദിച്ചുകിട്ടുന്നതിന് അദ്ദേഹം വഹിച്ച പങ്കും അനുസ്മരിച്ചു.

ശ്രീമത ഷീബ സജി നയിച്ച ഭക്തിഗാനാലാപനത്തെതുടർന്ന് 9-ാം മണിനേരത്തെ പ്രാർത്ഥനയും നിർവ്വഹിക്കപ്പെട്ടു. ശ്രീ വിനോയ് തോമസ്സ് തന്റെ അപ്പച്ചനെ അനുസ്മരിച്ചുകൊണ്ട് യോഗത്തിനെ ത്തിയ എല്ലാവർക്കും നന്ദി രേഖപ്പെടുത്തി. വീട്ടുകാർ ഒരുക്കിയ സ്നേഹവിരുന്നിൽ എല്ലാവരും പങ്കു ചേർന്നു. 20 പേർ യോഗത്തിൽ സന്നിഹിതരായിരുന്നു.

----------

### **ശ്രീമതി ലൗലിപോൾ**



02.07.2001ൽ വിടവാങ്ങിയ ഫെല്ലോഷിപ്പിന്റെ സ്ഥാപക മെമ്പർ ആയ ശ്രീമതി ലൗലി പോളിന്റെ 15-ാം ചരമവാർഷികത്തോടനുബന്ധിച്ച് 26.06.2016ന് ഞായറാഴ്ച വൈകീട്ട് ഫെല്ലോഷിപ്പിൻെറ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ ഭാഗമായി ഡോ. ഏ. സി. പോളിൻെറ വസതിയിൽ അനുസ്മരണ സമ്മേളനം നടന്നു. യോഗത്തിൽ ശ്രീ ആവിരാ വർഗ്ഗീസ്, സീനിയർ എക്സിക്യൂട്ടീവ് പ്രസിഡന്റ്, അദ്ധ്യക്ഷതവഹിച്ചു. യോഗനടപടികൾ ആരംഭിക്കുന്നതിനു മുൻപ് കുടുംബാംഗ ങ്ങൾ തയ്യാറാക്കിയ ലൗലിപോളിന്റെ ലഘു ജീവചരിത്രം യോഗത്തിനെത്തിയവർക്ക് വിതരണം ചെയ്തു. ശ്രീമതി അന്നമ്മപോൾ നിർവ്വഹിച്ച സങ്കീർത്തനപാരായണത്തോടെ യോഗം ആരംഭിച്ചു. ശ്രീ അവിരാ വർഗ്ഗീസ് തന്റെ പ്രിയ ലൗലിചേച്ചിയെ അനുസ്മരിച്ച് സംസാരിച്ചു. ചേച്ചിയുടെ ആത്മാർഥ മായ പരിശ്രമവും ഇടപെടലുകളുമായിരുന്നു ഫെല്ലോഷിപ്പിന്റെ സ്ഥാപനത്തേയും തുടർന്നുള്ള പ്രവർ ത്തനങ്ങളേയും സ്വാധീനിച്ചത് എന്ന് അദ്ദേഹം പറഞ്ഞു. തുടർന്ന് ശ്രീ ഏലിയാസ് അബ്രഹാം ലൗലി അമ്മായിയുടെ പ്രവർത്തനശൈലിയേയും, ഫെല്ലോഷിപ്പിന്റെ അടിത്തറ പാകുന്നതിലുള്ള അവരുടെ കഠിനാദ്ധ്വാനത്തേയും പരാമർശിച്ചു സംസാരിച്ചു. ഫെല്ലോഷിപ്പിന്റെ സ്ഥാപനത്തിൽ ലൗലി പോളിന്റെ സഹപ്രവർത്തകയും കൂട്ടുകാരിയുമായ ശ്രീമതി സാനുബ കുര്യൻ അടുത്തതായി ആദരാഞ്ജലികൾ അർപ്പിച്ച് സംസാരിച്ചു. (ഈ ലക്കത്തിലെ ലേഖനം വായിക്കുക) അടുത്തതായി സംസാരിച്ചത് ശ്രീമതി

ശാന്ത ജോർജ്ജ് ആയിരുന്നു. തന്റെ അപ്പച്ചൻ യശ്ശശരീരനായ ശ്രീ ഏ. എം. തോമസ്സ് അവർകളും ലൗലിയുമായി നിലനിന്ന പിതൃ-പുത്രി ബന്ധത്തിൽ ഊന്നിയായിരുന്നു ശാന്താജോർജ്ജിന്റെ അവലോകനം. തുടർന്നു സംസാരിച്ച ശ്രീമതി ലില്ലി വർഗീസ് ലൗലി ചേച്ചിയുടെ സംഘടനാ പാടവത്തേയും, പ്രവർത്തന മികവിനേയും, ആത്മാർത്ഥതയേയും പരാമർശിച്ചു. Adv. K.A. Prakas, Mr. James Thomas, Mrs. Sheeba Saji എന്നീ എക്സിക്യൂട്ടീവ് കമ്മറ്റിഅംഗങ്ങൾ ലൗലിപോളിൻെറ പ്രവർത്തന പാടവത്തേയും, ധിരമായ ഇടപെടലുകളേയും പ്രശംസിച്ച് സംസാരിച്ചു.

ലൗലിപോൾ അനുസ്മരണത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദിരേഖപ്പെടുത്തി ഡോ. എ. സി. പോൾ യോഗം ഉപസംഹരിച്ചു. തുടർന്ന് 9-ാം മണിയുടെ പ്രാർത്ഥന നിർവ്വഹിക്കുകയും വീട്ടുകാർ ഒരുക്കിയ ചായ സൽക്കാരത്തിൽ പങ്കെടുക്കുകയും ചെയ്തു. ചടങ്ങിൽ ലൗലി പോളിന്റെ മാതാപിതാക്കളും സഹോദരൻ ഡോ. ബാലുവും ഭാര്യ സിന്ധുവും സന്നിഹിതരായിരുന്നു. വൈകീട്ട് 6.30ന് സമാപിച്ച അനുസ്മരണയോഗത്തിൽ 30 കുടുംബാംഗങ്ങൾ പങ്കെടുത്തു.

----------

**Obituary**



Mr. K.A. John, Patron Member AFF, passed away on 28-08-2016 at USA following a brief illness. His mortal remains were brought to native place early morning on 4th September. The body was kept at his brothers (Adv. K.A. Prakas, Aluva) place for prayers. Later the body was taken to the St. Mary's Chappel at Kandanad for the last rites. He was laid to eternal rest at the cemetery of our ancestral church Kandanad, the same day. (Please read his personal profile in AFF News Letter, September 2014 issue).

---------------

**വിശുദ്ധനാടുകളിലേയ്ക്ക് ഒരു തീർത്ഥയാത്ര – (2016 ഏപ്രിൽ 5 മുതൽ 16 വരെ) :** ലില്ലി വർഗീസ്

ഇവിടെനിന്ന് ദുബായ്‌വഴി 8 മണിക്കൂർ യാത്രചെയ്ത് ഞങ്ങൾ ജോർദ്ദാന്റെ തലസ്ഥാനമായ അമ്മാനിലെത്തി. ജോർദ്ദാൻ ദാവീദ് രാജാവാണ് ഭരിച്ചിരുന്നത്. ഇപ്പോഴത്തെ ജോർദ്ദാൻ രാജാവിൻെറ നാമം അബ്ദുള്ള എന്നാണ്. ജോർദ്ദാന്റെ അയൽ രാജ്യങ്ങൾ ഇറാൻ, സിറിയ, സൗദിഅറേബ്യ എന്നിവയാണ്. വിശുദ്ധനാട്ടിൽ ഞങ്ങൾ സന്ദർശിച്ച പ്രധാന പുണ്യസ്ഥലങ്ങൾ താഴെ വിവരിക്കുന്നു.

***മാക്കവ്യൂ :–*** യോഹന്നാൻ സ്നാപകൻ താമസിച്ചിരുന്ന ഗുഹകൾ ഇവിടെ സ്ഥിതിചെയ്യുന്നു. സ്നാപകന്റെ ശിരഛേദം നടത്തിയ ഹെരോദ് രാജാവിന്റെ കൊട്ടാരത്തിന്റെ രണ്ടുതൂണുകൾ മാത്രമെ ഇപ്പോൾ അവശേഷിക്കുന്നുള്ളു. ബാക്കിയെല്ലാം ഭൂകമ്പത്തിൽ നശിച്ചു. ***നെബോ പർവ്വതം :–*** മോശ പാറമേൽ അടിച്ചു വെള്ളംവന്ന സ്ഥലം. ഇവിടെ മോശയുടെ പ്രതിമ ഒരു വലിയ കല്ലിൽ കൊത്തി വച്ചിരിക്കുന്നു. പിച്ചള സർപ്പത്തിൻെറ ഒരു വലിയ രൂപവും ഇവിടെയുണ്ട്. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ നട്ട ഒരു ഒലിവുമരം ഇവിടെ ഉണ്ട്. ***മധുബ :–*** ഇവിടെയുള്ള സെന്റ് ജോർജ്ജ് പള്ളിയുടെ തറയിൽ വിശുദ്ധനാടിന്റെ ഭൂപടം വരച്ചുവച്ചിട്ടുണ്ട്. അതുപ്രകാരമാണ് വിശുദ്ധ സ്ഥലങ്ങളെല്ലാം കണ്ടുപിടിച്ചത്. ***ചാവുകടൽ :–*** സമുദ്രനിരപ്പിൽനിന്നും 1200 അടി താഴെയാണ് ഇവിടത്തെ ജലനിരപ്പ് പലതരം ലവണങ്ങൾ അടങ്ങിയ വെള്ളത്തിൽ മലർന്നുകിടന്നാൽ താഴ്ന്നുപോകുകയില്ല. ഈ വെള്ളത്തിന് അത്രമേൽ സാന്ദ്രതയുണ്ട്. പലതരം ലവണങ്ങൾ കലർന്ന ജലത്തിൽ ഞാൻ കുളിച്ചു. ***സോദോംഗോമോറ :–*** ഒരുവശത്ത് ചാവുകടൽ മറുവശത്ത് ഉപ്പുമല. ***നസ്രേത്ത് :–*** വി: കന്യകമറിയാമിന് ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെട്ട സ്ഥലത്ത് മംഗളവാർത്താ ദേവാലയം തീർത്തിരിക്കുന്നു. ***സെന്റ് ജോസഫ് ചർച്ച് :–*** വി: യൗസേഫിന്റെ പണിശാല, സ്റ്റോർ എല്ലാം നിലനിർത്തിക്കൊണ്ട് മറ്റൊരു ദേവാലയവും പണിതിരിക്കുന്നു. ***ആട്ടിടയൻമാരുടെ സ്ഥലം :–*** ആട്ടിടയൻമാർ താമസിച്ചിരുന്ന വീട്, ഇവിടെയാണ് യേശുവിന്റെ ജനനം മാലാഖ അവരെ അറിയിച്ചത്. ***തിരുപ്പിറവി ദേവാലയം :–*** (യേശു ജനിച്ച സ്ഥലം) ഈ പള്ളിക്ക് 48 തൂണുകൾ ഉണ്ട്. ഇതൊഴിച്ച് എല്ലാ പള്ളികളും പേർഷ്യാക്കാർ നശിപ്പിച്ചു. ***മിൽക്ക് ഗ്രോട്ടോ :–*** വി: മാതാവ് ശിശുവായ യേശുവിനേയും കൊണ്ട് മിശ്രയീമിലേക്ക് ഓടുന്നവഴി തന്റെ മുലപ്പാൽ വീണ് പാറ വെളുത്തു. അവിടെ പണിതിരിക്കുന്ന പള്ളിക്കാണ്

ഈ പേര്. ***സെന്റ് ജോസഫ് ചാപ്പൽ :-*** 2 വയസ്സിൽ താഴെയുള്ള കുട്ടികളെ വധിച്ച ഓർമ്മയ്ക്ക് പണ തിരിക്കുന്ന പള്ളി. ശിശുവധപെരുന്നാൾ ഡിസംബർ 27ന് ഇവിടെ ആചരിക്കുന്നു. ***ജോർദ്ദാൻ നദി*** യേശുവിനെ മാമൂദ്ദീസ മുക്കിയ നദിയിൽ ഞങ്ങൾ ഇറങ്ങി കാലുകൾനനച്ചു. ***ടൗൺ ഓഫ് ജീസസ്*** ഗലീലയുടെ വശത്ത് യേശു പ്രാർത്ഥിച്ചിരുന്ന പള്ളി. ഭൂകമ്പത്തിൽ നശിച്ചിട്ട് പള്ളിയുടെ മതി മാത്രമെ ഇപ്പോൾ അവശേഷിക്കുന്നുള്ളു. അവിടെയെല്ലാം കറുത്ത കല്ലുകൾ കാണാം. ഇവ ഓർശ നിക്ക് കല്ലുകളാണ്, അവയ്ക്ക് പ്രതിധ്വനി ഉള്ളതുകൊണ്ടാണ് വലിയ ജനക്കൂട്ടം യേശുവിന്റെ പ്രസം ങ്ങൾ കേട്ടിരുന്നത് എന്ന് പറയുന്നു. അതിനടുത്താണ് യേശുവും കന്യക മറിയവും താമസിച്ചിരു ഭവനം. അത് നിലനിർത്തി മുകളിൽ പള്ളി പണിതിരിക്കുന്നു. ***മൗണ്ട് താബോർ (മറുരൂപമല) :-*** ഹെയർപിൻ വളവ് കയറിയാണ് ഞങ്ങൾ മുകളിലെത്തിയത്. മോശയും ഏലിയാവും പ്രത്യക്ഷപ്പെ സ്ഥലം. അവിടെ വലിയ ഒരു പള്ളി. മോശയുടെയും ഏലിയാവിൻെറയും ചിത്രങ്ങൾ വരച്ചുവച്ചി ക്കുന്നു. ***ലോത്ത് :-*** വി: ഗീവർഗീസ് സഹദായുടെ ജന്മസ്ഥലം. ഇവിടെ ഇന്റർനാഷണൽ എയ പോർട്ട് സ്ഥിതിചെയ്യുന്നു. ***കഫർന്നഹോം :-*** (ചുങ്കം പിരിച്ചിരുന്ന സ്ഥലം) അതിന്റെയടുത്ത് യേശ ണ്ടുവർഷം താമസിച്ചു. തളർവാതിയെ സുഖപ്പെടുത്തിയ സ്ഥലം. ഒലിവുമലയിൽ യേശു തന്റെ ശിഷ്യ മാരെ “ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ ബാവ ...............” എന്ന പ്രാർത്ഥന പഠിപ്പിച്ച സ്ഥല ***ജറീഹോ :-*** സക്കായി കയറിയിരുന്ന മരം നിന്ന സ്ഥലം. ഇവിടനിന്നുള്ള കാഴ്ച മനോഹരമാണ സമുദ്രനിരപ്പിൽനിന്നും താഴെ പാലസ്തീന്റെഭാഗമാണ് കാണുന്നത്. ***ടെംപംൻേറഷൻ മൗണ്ട് :-*** യേശ വിനെ സാത്താൻ പരീക്ഷിച്ച മല ദൂരെ നിന്നു കണ്ടു, യേശു ശീമോന്റെ മകൾ തബിതയെ ഉയർപ്പി വീട് കണ്ടു. ***കാനാവിലെ കല്യാണം നടന്ന സ്ഥലത്തെ പള്ളി :-*** വെള്ളം വീഞ്ഞാക്കിയ 6 കര രണിയിൽ ഒരു ഭരണി ഇപ്പോഴും ഇവിടെയുണ്ട്. ഇവിടെ ദമ്പതികൾക്ക് വിവാഹ ഉടമ്പടി പുതുക്ക സർട്ടിഫിക്കറ്റ് കൊടുക്കുന്ന പതിവുണ്ട്. ഗലീല കടലിൽ ഞങ്ങൾ എല്ലാവരും ബോട്ടിംഗ് നടത്ത ***ലാസറിനെ ഉയർപ്പിച്ച വീട് (ഇപ്പോൾ പള്ളി) :-*** നഥാനിയയിൽ ലാസറും, മാർത്തയും, മറിയമു താമസിച്ച വീട്. ഉയിർത്തെഴുന്നേറ്റ ലാസ്സർ സൈപ്രസ്സിലാണ് സുവിശേഷം അറിയിക്കാൻ പോയത എന്നാണ് ഐതീഹ്യം. ***ഗദ്സമനതോട്ടം :-*** അവിടെ അന്നുണ്ടായിരുന്ന ഒരു ഒലിവുമരം ഇപ്പോഴുമുണ്ട് അതിന്റെ അടുത്ത് കർത്താവ് പ്രാർത്ഥിച്ച പള്ളി. ദാവീദുരാജാവിന്റെ ശവകുടീരം വി: മാതാവിന്റെ കല്ലറ, ഇവയെല്ലാം ദർശിച്ചു. കർത്താവു ഓശാന പെരുന്നാളിനു കഴുതപ്പുറത്ത് യാത്രചെയ്ത സ്ഥല തുകൂടി ഞങ്ങൾ ഒലിവുകൊമ്പുകൾ ഏന്തി ഓശാന പാടിനടന്നു. ***മർക്കോസിൻെറ മാളിക (സെ മാർക്ക് ചർച്ച്) :-*** ആ പള്ളിയിൽ വി. കുർബ്ബാനയിൽ സംബന്ധിക്കുകയും വി. കുർബ്ബാന അനുഭവ ക്കുകയും ചെയ്തു. ദേവാലയത്തിൽ വി: മാതാവിന്റെ ഒരു പടം (വി. ലൂക്കോസ് വരച്ചത്) പ്രദർശിപ്പ ിട്ടുണ്ട്. ***ഗോഗുൽത്തമല:-*** കോൺക്രീറ്റ് ചെയ്ത പടികൾ കയറി ഞങ്ങൾ മുകളിൽ എത്തി. അവിടെ കർത്താവിന്റെ കല്ലറ, കുരിശിൽനിന്ന് ഇറക്കികിടത്തിയ സ്ഥലം, കുരിശുകണ്ടെടുത്ത സ്ഥലം എല്ലാ വലിയ പള്ളികളായി രൂപാന്തരപ്പെട്ടിരിക്കുന്നു. ***ജാഫാഗേറ്റ് :-*** യരുശലേം പള്ളിയുടെ മതിൽ വളരെ ഉയരത്തിൽ. യരുശലേം പട്ടണം സമുദ്രനിരപ്പിൽനിന്നും 1500 അടി ഉയരത്തിലാണ്. ***യരുശലേ ദേവാലയം :-*** 40 വർഷം കൊണ്ട് പണിതീർത്ത വലിയ പള്ളി. ***വിലാപമതിൽ :-*** പണ്ടത്തെ യരുശലേ ദേവാലയം AD1646ൽ തുർക്കികൾ നശിപ്പിച്ചു. അതിന്റെ ഒരു മതിൽ മാത്രം ഇപ്പോഴും അവശേഷിക്കുന്നു ആ മതിലിൽ അനേകം യൂദൻമാരെ ആണി അടിച്ച് കൊന്നിട്ടുണ്ട്. അതിന്റെ പേരാണ് വിലാപ മതിൽ ഇപ്പോഴും യൂദൻമാർ അവിടെ തലയടിച്ച് കരഞ്ഞ് പ്രാർത്ഥിക്കുന്നത് കാണാം. ***ഗിരിപ്രഭാഷണം ന തിയ മല :-*** യേശു തമ്പുരാൻ ഉയർത്തെഴുന്നേറ്റശേഷം ശിഷ്യൻമാർക്ക് അപ്പവും മീനും ചുട്ട ാത്തിരുന്ന സ്ഥലത്തെ പാറ നിലനിർത്തി പള്ളി പണിതിരിക്കുന്നു. ആ പള്ളിക്ക് 6 വശങ്ങളുണ്ട് ഒലിവുമലയിൽ യേശു സ്വർഗ്ഗാരോഹണം ചെയ്ത സ്ഥലത്തെ പാറ ഉള്ളിൽ നിലനിർത്തി പള്ളി പണിതിരിക്കുന്നു. ഇസഹാക്കിനെ ബലികൊടുത്ത സ്ഥലത്ത് ഇപ്പോൾ ഒരു മുസ്ലീം പള്ളിയാണ്. ***രക്ത നിലം :-*** യൂദാ മുപ്പതു വെള്ളിക്കാശിനുവാങ്ങി. പിന്നീട് തൂങ്ങിമരിച്ച സ്ഥലം. (തുടരും)

----------

**വി: കുർബാനയിൽ വിശ്വാസിക്കുള്ള പങ്ക്** (തുടർച്ച)

പോൾ മാത്യു

വി. കുർബാനയിൽ കർത്താവിന്റെ ജനനം, മാമോദീസ്സ, തേജസ്സ്കരണം, ഊശാന, പെസഹാ, പീഢാനുഭവം, ക്രൂശ്ശുമരണം, കബറടക്കം, ഉയിർപ്പ്, സ്വർഗ്ഗാരോഹണം, പെന്തികോസ്തി, രണ്ടാം വരവ്, സ്വർഗ്ഗീയവിരുന്ന് (വി. കുർബ്ബാനാനുഭവം) ജീവിച്ചിരിക്കുന്നവർക്കും വാങ്ങിപോയവർക്കും വേണ്ടിയുള്ള പ്രാർത്ഥന – ഇത്രയും കാര്യങ്ങൾ വി. ബലിപീഠത്തിൽ പുരോഹിതൻ അനുഷ്ഠിച്ച് അർപ്പിക്കുന്നു. വിശ്വാസ പ്രമാണം ചൊല്ലുന്ന സമയത്തും തുബ്ദെനുകളുടെ സമയത്തും ബലിയർപ്പണമവസാനിപ്പിച്ച് പട്ടക്കാരൻ വി. ത്രോണോസിനോട് വിട ചൊല്ലുന്നതിന് മുൻപും കുർബ്ബാനയ്ക്ക് കൊടുത്തിരിക്കുന്ന പേരുകൾ പിതാവ്, പുത്രൻ പരിശുദ്ധ റൂഹാ എന്നീ നാമത്തിൽ ഓർത്ത് മൂന്നുപ്രാവിശ്യം വീതം സ്ലീബാ അടയാളമിട്ട് വി: ത്രോണോസ്സിൽ നമുക്കുവേണ്ടി പ്രാർത്ഥിയ്ക്കും. പട്ടക്കാരൻ മദ്ബഹയിൽനിന്നും ഇറങ്ങിയതിനു ശേഷമെ ദൈവജനം പള്ളിയ്ക്കകത്തുനിന്നും 23–ാം സങ്കീർത്തനവും ചൊല്ലി പിരിഞ്ഞു പോകാവു.

വി. ബലി അർപ്പിയ്ക്കുന്ന അവസരത്തിൽ സെമിത്തേരിയിൽ മെഴുകുതിരികത്തിക്കുവാൻ ആളുകൾ പോകുന്നത് തെറ്റാണ്. ജീവിച്ചിരിക്കുന്നവരെയും, വാങ്ങിപൊയവരെയും, വരുവാനിരിക്കുന്നവരെയും കരുതിയിട്ടാണ് പരിശുദ്ധപിതാക്കൻമാർ വി. ബലി ക്രമീകരിച്ചിരിയ്ക്കുന്നത്. വാങ്ങിപൊയവർക്കുവേണ്ടി മദ്ബഹായുടെ നേരേ പടിഞ്ഞാറോട്ട് സ്ഥലം ഒഴിച്ചിട്ടിരിക്കുന്നത് നമ്മുക്കെല്ലാവർക്കും അറിയാവുന്ന താണല്ലോ. ജീവനുള്ളവരും മരിച്ചുപോയവരുമായ വിശ്വാസിസമൂഹത്തിന്റെ ഒരുകൂട്ടായ്മയുടെ അനുഭ വമാണ് ഓരോ ബലി അർപ്പണവും.

---------

## *AFF DIARY*

1. Mr. Jobsy Thomas was promoted as the General Manager (Marketing) of M/s. Harrison Malayalam Ltd. Congratulations!

2. Mrs. Celina Sabu, Village Officer, Thrissur earned 'Good service entry' certificate – a creditable achievement.

3. Betrothal Ceremony of Kum. Anu (D/o. Mr. James Thomas & Mrs. Beena James) with Mr. Tony Mathew (S/o. Mr. P.E. Koshy & Mrs. Mary Mathew, Purackal, Thiruvananthapuram) was conducted on 27th August 2016 at Kandanad. The wedding is scheduled to be celebrated in October, 2016.

4. **വിവാഹം :** കുരീക്കാട് ആലുങ്കൽ ഡോ. അനിയൻ വർഗീസ് – ശ്രീമതി ട്രീസ ദമ്പതികളുടെ മകൾ റോഷൻ വർഗീസും കടയ്ക്കനാട് ചാലക്കുഴി വീട്ടിൽ ശ്രീ. സി.ജെ, ടോമിച്ചൻ – ശ്രീമതി അന്നമ്മ ദമ്പതികളുടെ മകൻ ഉല്ലാസ് ജേക്കബ്ബും തമ്മിലുള്ള വിവാഹം 22.08.2016ന് കടയ്ക്കനാട് സെന്റ് ജോർജ്ജ് അരമന കത്തീഡ്രലിൽ നടന്നു. വധൂവരൻമാർക്ക് *AFF*ന്റെ എല്ലാവിധ ആശംസ കളും നേരുന്നു.

5. **ഉന്നതവിജയങ്ങൾ :** Jerrin Harris, Mathew Abraham, Sharon Shaji, Alen Shaji (CBSE 10th Standard വിജയികൾ), Adarsh P. Sojan and Harsha Suresh (Plus 2 വിജയികൾ) എല്ലാവർക്കും *AFF* ഭാവുകങ്ങൾ നേരുന്നു.

6. ജനനം : ആലുങ്കൽ അരുൺരാജ് – മിൽഡ ദമ്പതികൾക്ക് 1.9.2016ൽ ഒരു പെൺകുഞ്ഞ് പിറന്നു. നവജാത ശിശുവിന് ആയുരാരോഗ്യങ്ങൾ നേരുന്നു.

7. Creditable achievement: Seema Varghese has been awarded PhD from M.G. University for her Thesis entitled "Biological Activity Based on Some Phenolic Schiff Base Complexes". Her work will help in the synthesis of new medicines with enhanced structural features. Congratulations!

----------

## Sub: Alunkal Family Fellowship

An informal and voluntary meeting of members belonging to the family was held on 30.12.1995 at 5 PM at the residence of Dr. A.C. Paul, Kadungamangalam. Following were present :

| | | | |
|---|---|---|---|
| 1. | Rev. Fr. | Joy Abraham | |
| 2. | Shri. | A.M. Thomas | |
| 3. | " | Roy Vargheese | |
| 4. | " | A.V. Rajan | |
| 5. | " | K.A. Prakash | - on invitation |
| 6. | " | Elias Abraham | |
| 7. | Smt | Sanuba Kurian | |
| 8. | " | Lovely Paul | |
| 9. | Dr. | A.C. Paul | |

The meeting started with prayar led by Rev.Fr. Joy Abraham. Shri A.M. Thomas presided in the meeting. In his introductory remarks the President stressed that spirituality should be the undertone of all the efforts in the formation and functioning of the Family Fellowship. The Fellowship is to promote better communication and kinship among Family members, identify areas where the family can contribute to the welfare of its members and undertake humanitarian activities with a social objective. The points discussed and the tentative proposals emerged in the meeting are summarised below:-

### 1. Membership

Male and Female adults of the family having completed 18 years of age are eligible for membership. Such membership will also cover those cases where a female member holds the family title in the absence of male member and her children. The question of extending membership to females given in wedlock to other families and their children needs to be discussed further and placed before the general body for a dicision.

### 2. Directory

A family directory giving relevant personal data covering all members is to be brought out. A proforma for this is to be drafted.

### 3. General Body

It was felt that a meeting consisting of all members should be conducted as early as possible. Purpose of the general body is to elect an Executive Committee and consider draft proposals from group meetings and individual members.

### 4. Registration and Constitution

Members opined that a registered body in the name ' ALUNKAL TRUST' could be formed to manage the Fellowship and its financial aspects. A constitution should be prepared to streamline and control all activities of the Fellowship.